# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 58/PR/PIC/PHQ/18 Date : 09.03.2018

---

**രക്ഷാ പ്രവർത്തനത്തിന് നിശ്ചിത നടപടിക്രമം പാലിക്കണം –**

**സംസ്ഥാന പോലീസ് മേധാവി**

സംസ്ഥാനത്ത് റോഡപകടങ്ങൾ ഉണ്ടാകുമ്പോൾ പോലീസിന്റെ രക്ഷാപ്രവർത്തനത്തിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിന് നിശ്ചിത നടപടിക്രമം പാലിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദ്ദേശം നൽകി. ഇതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആ നിർദ്ദേശത്തോടൊപ്പം നല്കിയിട്ടുണ്ട്. ഈ കഴിഞ്ഞ മാർച്ച് നാലിന് കൊട്ടാരക്കര കുളക്കടയിൽ രക്ഷാപ്രവർത്തനം നടത്തുന്നവേളയിൽ വാഹനാപകടം ഉണ്ടായി സിവിൽ പോലീസ് ഓഫീസർ വിപിൻ കുമാർ മരണപ്പെടുകയും മറ്റ് രണ്ട് ഉദ്യോഗസ്ഥർക്ക് പരിക്കേല്ക്കുകയും ചെയ്ത പശ്ചാത്തലത്തിലാണ് ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം നൽകിയത്.

ഇതനുസരിച്ച് വാഹനാപകടങ്ങളുണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിന് എത്തുന്ന പോലീസ് സംഘത്തിലെ ഒരാളെ വ്യക്തമായി കാണുന്ന സൂചനാ അടയാളങ്ങൾ പ്രദർശിപ്പിക്കാനായി നിയോഗിക്കണം. അപകട സ്ഥലത്തുനിന്നും സുരക്ഷിതമായ ദൂരപരിധികഴിഞ്ഞാവണം ഇത്തരം സൂചനാ അടയാളങ്ങൾ പ്രദർശിപ്പിക്കേണ്ടത്. രാത്രികാലങ്ങളിൽ ഹൈവേ പട്രോൾ ടീമംഗങ്ങൾ പ്രതിഫലന സ്വഭാവമുള്ള ജാക്കറ്റ് ധരിക്കണം. രാത്രിസമയത്ത് റോഡുകളിൽ രക്ഷാപ്രവർത്തനം നടത്തുമ്പോൾ ഡ്രൈവറോ മറ്റൊരു ഉദ്യോഗസ്ഥനോ പ്രകാശം പ്രതിഫലിപ്പിക്കുന്ന ബാറ്റൺ ഉപയോഗിച്ച് വാഹനങ്ങളെ നിയന്ത്രിക്കണം. അപകടസ്ഥലത്തെ റോഡിന്റെ സ്ഥിതി മനസ്സിലാക്കി, രക്ഷാപ്രവർത്തനം നടത്തുന്ന പോലീസ് പാർട്ടിക്ക് വീണ്ടും അപകടം ഉണ്ടാകാത്തതരത്തിലുള്ള ക്രമീകരണങ്ങൾ ഒരുക്കണം. വീണ്ടും ഒരപകടം ഒഴിവാക്കുന്നതിനുവേണ്ടി അപകടത്തിൽപ്പെട്ടവരേയും വാഹനത്തെയും വേഗത്തിൽ റോഡിൽനിന്നും മാറ്റുന്നതിന് മുൻഗണന നൽകണം. അടിയന്തിര സിഗ്നലുകൾ നൽകുന്നതിനും വെളിച്ചമുറപ്പാക്കുന്നതിനും ഹൈവേ പട്രോൾ വാഹനം ആവശ്യമാണെങ്കിൽ ഉപയോഗിക്കാം. വളവുകൾ പോലുള്ള സ്ഥലത്താണ് അപകടമെങ്കിൽ

പോലീസ് വാഹനത്തിലെ സൈറൺ ഉൾപ്പെടെയുള്ള അടിയന്തിര സൂചനകൾ നൽകുകയും അപകട സാഹചര്യം ഒഴിവാക്കുകയും വേണം.

ട്രാഫിക് നോർത്ത്/സൗത്ത് എസ് പി മാരും ജില്ലാ പോലീസ് മേധാവിമാരും ട്രാഫിക് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ പരിശീലനം നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു.

********